# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 13, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും |
| രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## സ്കൂൾ ഫെയറുകൾ

*91 ശ്രീ. പി. തിലോത്തമൻ
,, വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ എത്ര വർഷമായി സ്കൂൾ ഫെയറുകൾ നടത്തി വരുന്നു; ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള ഓരോ വർഷത്തേയും ലഭിച്ച വിറ്റുവരവ് വെളിപ്പെടുത്തുമോ;

(ബി) വിദ്യാലയ വർഷാരംഭം യഥാസമയം സ്കൂൾ ഫെയറുകൾ ആരംഭിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സാധനങ്ങളാണ് സ്കൂൾ വിപണിയിൽ ലഭ്യമാക്കിയിരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ദേശീയപാതകളിലെ മേൽപാലങ്ങൾ</u>

*92 ശ്രീ. പുരുഷൻ കടലുണ്ടി
'' കെ. വി. അബ്ദുൾ ഖാദർ
'' കെ. കെ. ജയചന്ദ്രൻ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളിൽ മേൽപാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന മേൽപാലങ്ങൾ ഏതെല്ലാമാണ്; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തി ആരംഭിച്ച മേൽപാലങ്ങളുടെ നിർമ്മാണത്തിന് ഫണ്ടിന്റെ അപര്യാപ്തത നിലനില്ക്കുന്നുണ്ടോ;

(ഡി) നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെങ്കിലും പുതിയ പാലങ്ങൾ/മേൽപാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഓരോ പാലത്തിനും പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയെന്നറിയിക്കുമോ;

(ഇ) നിർദ്ദിഷ്ട പ്രവൃത്തികൾ ഓരോന്നും എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ തുക ഏതെല്ലാം നിലയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്രവേശന പരീക്ഷകൾക്ക് സർക്കാർ തലത്തിൽ പരിശീലനം</u>

*93

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് സ്കൂളിൽ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

പുതിയ താലൂക്കുകളുടെ രൂപീകരണം

*94 ശ്രീ. ബി. സത്യൻ
,, ബാബു എം. പാലിശ്ശേരി
,, സി. കെ. സദാശിവൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പുതിയ താലൂക്കുകളുടെ രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണ്; ഇവ തീരുമാനിക്കപ്പെട്ടത് ഏത് മാനദണ്ഡ പ്രകാരമായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) താലൂക്ക് രൂപീകരണം സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) താലൂക്ക് പുനർ നിർണ്ണയം സംബന്ധിച്ച് നിയോഗിച്ച സമിതികളുടെ ശുപാർശകൾ പരിഗണിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും പുതിയ താലൂക്ക് രൂപീകരണത്തിനു വേണ്ടി ഉയർന്നു വന്ന ആവശ്യം യുക്തിസഹമായി പരിഗണിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി</u>

*95 ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ ; പുതിയ സ്കൂളുകളുടെ ആവശ്യകത ശാസ്ത്രീയമായി പരിശോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ അധികബാച്ച് അനുവദിച്ചത് വഴി എത്ര സീറ്റുകളാണ് വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ;

(സി) ചില സ്കൂളുകളിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാതെ വരികയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ അദ്ധ്യയനവർഷം അരലക്ഷത്തിലേറെ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അവസ്ഥ ഉണ്ടാകാനിടയായ സാഹചര്യം സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>ഗ്യാസ് സിലിണ്ടറുകളുടെ കാലപ്പഴക്കം</u>

*96 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഏജൻസികൾ വിതരണം ചെയ്യുന്ന ഗ്യാസ് സിലിണ്ടറുകളുടെ കാലപ്പഴക്കം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) നിലവിലുള്ള നിയമപ്രകാരം ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കാവുന്നതിന്റെ പരമാവധി കാലാവധി എത്രയാണ്; വിശദാംശം നൽകുമോ ;

(സി) കാലാവധി കഴിഞ്ഞ ഗ്യാസ് സിലിണ്ടറുകൾ വിതരണം നടത്തുന്നത് തടയാൻ ഏജൻസികൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്വയംഭരണാവകാശം നൽകുന്നതിനുള്ള മാനദണ്ഡം</u>

*97 ശ്രീ. സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സ്വയംഭരണാവകാശം നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് പദ്ധതി</u>

*98 ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി
'' എൻ.എ.നെല്ലിക്കുന്ന്
'' റ്റി.എ.അഹമ്മദ് കബീർ
'' വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഗവേഷണ പ്രവർത്തനങ്ങളും കണ്ടുപിടുത്തങ്ങളും പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രഖ്യാപിച്ചിട്ടുള്ള ഫോസ്റ്ററിംഗ് ലിങ്കേജ് ഫോർ അക്കാദമിക് ഇന്നവേഷൻ ആന്റ് റിസർച്ച് എന്ന പദ്ധതി തയ്യാറായിക്കഴിഞ്ഞോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) ഇതു സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥി സമൂഹത്തിന് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**പൊതുവിദ്യാഭ്യാസ വകുപ്പിലെ സൂപ്പർ ചെക്ക് സെല്ലുകളുടെ പ്രവർത്തനം**

*99 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എത്ര സൂപ്പർചെക്ക് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം; ഇവയുടെ അധികാര പരിധി നിശ്ചയിച്ചിട്ടുള്ളത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെല്ലുകളുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സെല്ലുകൾ കഴിഞ്ഞ രണ്ടു വർഷമായി പ്രവർത്തിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) സൂപ്പർ ചെക്ക് ഇല്ലാതിരുന്നതിനാൽ സംസ്ഥാനത്ത് വ്യാജ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതായിട്ടാണ് വിവരം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത എത്ര സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന സംവിധാനങ്ങൾ</u>

*T-100 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം.ഉമ്മർ
,, സി. മോയിൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന സംവിധാനങ്ങൾ എന്തൊക്കെ; വിശദമാക്കുമോ ;

(ബി) ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ ;

(സി) മലയാളികളായ വിദ്യാർത്ഥികൾക്കായി ന്യൂഡൽഹിയിൽ കേരള ഹൌസിനോടനുബന്ധിച്ച് സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സംരക്ഷണം</u>

*101 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
'' എൻ. ഷംസുദ്ദീൻ
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകൾ റീടാറിംഗ് നടത്തി ഗതാഗതക്ഷമമാക്കിയാലുടൻ മറ്റു വകുപ്പുകളുടെ നേതൃത്വത്തിൽ അവ കുഴിച്ചും, ഓടകളും, നടപ്പാതയും പൊളിച്ചും ഉപയോഗശൂന്യമാക്കുന്ന പ്രവണത പരിശോധിച്ചിട്ടുണ്ടോ;

(ബി) റോഡിലൂടെ കേബിൾ, പൈപ്പ് ലൈൻ, ഡ്രെയിനേജ് എന്നിവ സ്ഥാപിച്ചിട്ടുള്ള വകുപ്പുകളെ ഏകോപിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രധാന റോഡുകളുടെയും, നാഷണൽ ഹൈവേകളുടെയും നിർമ്മാണ വികസന ഘട്ടങ്ങളിൽ മറ്റു വകുപ്പുകളുടെ ആവശ്യത്തിനായി പ്രത്യേകം ഗാലറി സ്ഥാപിക്കുകയും, ചെലവ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ഈടാക്കുകയും ചെയ്ത് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കേന്ദ്രം അധികമായി അനുവദിച്ച ഭക്ഷ്യധാന്യം വിതരണം ചെയ്തതിലുണ്ടായ വീഴ്ച

*102 ശ്രീ. സാജു പോൾ
,, കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം അധികമായി അനുവദിച്ച ഭക്ഷ്യധാന്യം യഥാസമയം ഏറ്റെടുത്ത് കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ;

(ബി) അനുവദിച്ചതിൽ എത്ര ശതമാനം ഭക്ഷ്യധാന്യം ഏറ്റെടുത്തിട്ടുണ്ട്; കഴിഞ്ഞ രണ്ടു വർഷത്തെ കണക്കുകൾ ലഭ്യമാണോ; ഇത്തരം വീഴ്ചയുണ്ടാകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ റേഷൻ വിഹിതം കേന്ദ്രം വെട്ടിക്കുറക്കുകയുണ്ടായോ; എത്ര അളവിലാണ് വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത്;

(ഡി) വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലത്തുകയുണ്ടായോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ</u>

*103 പ്രൊഫ. സി. രവീന്ദ്രനാഥ്
,, എളമരം കരീം
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും ഉന്നതതല തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലും ഉണ്ടായ വീഴ്ചകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വരൾച്ച പ്രതിരോധിക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ റവന്യൂ വകുപ്പിന് കഴിയാതെ പോയത് എന്തുകൊണ്ടാണെന്നും ഈ കാലയളവിൽ ഏകോപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട റവന്യൂ സെക്രട്ടറിയെ മാറ്റുകയുണ്ടായോ എന്നും വെളിപ്പെടുത്തുമോ;

(സി) വരൾച്ച പ്രതിരോധ നടപടികൾക്കായി, കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട പതിനായിരം കോടിയോളം രൂപയിൽ സംസ്ഥാനത്തിന് ലഭിച്ചത് എത്ര കോടിയാണ് എന്നും കേന്ദ്രത്തിന് നൽകിയ നിവേദനങ്ങൾക്ക് മറുപടി ലഭിക്കുകയുണ്ടായോ എന്നും അറിയിക്കുമോ;

(ഡി) അർഹമായ തുക നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെടുകയുണ്ടായോ എന്നും ഇതിനായി എന്തു നിലയിലുള്ള സമ്മർദ്ദമാണ് ചെലുത്തിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>തലസ്ഥാനത്ത് മോണോ റെയിൽ പദ്ധതി</u>

*104 ശ്രീ. എ. റ്റി. ജോർജ്
,, കെ. മുരളീധരൻ
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മോണോ റയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പും ചുമതലയും ആർക്കാണ് നൽകിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) ഈ പദ്ധതിയുടെ സാദ്ധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി</u>

*105 ശ്രീ.വി. ഡി. സതീശൻ
,, പാലോട് രവി
,, എം. പി. വിൻസെന്റ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്നും വിശദാംശങ്ങൾ എന്തെല്ലാമാണ് എന്നും അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദീകരിക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ക്രമക്കേടുകൾ</u>

*106 ശ്രീ. പി. കെ. ഗുരുദാസൻ
,, റ്റി. വി. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സാധനങ്ങൾ വാങ്ങുന്നതിൽ ക്രമക്കേടുകൾ റിപ്പോർട്ടു ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് സ്വീകരിച്ച മുൻകരുതലുകൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷം വൻപയർ വാങ്ങിയതിലുണ്ടായ ക്രമക്കേടിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റിയ ഉദ്യോഗസ്ഥർക്ക് അതേ സ്ഥലത്ത് വീണ്ടും നിയമനം നൽകുകയുണ്ടായോ;

(ഡി) വൻപയർ ഇടപാടിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ;

(ഇ) പ്രസ്തുത ഇടപാടിൽ പങ്കാളിയായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നോ; ഇവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(എഫ്) നിലവാരം കുറഞ്ഞ വൻപയർ വിതരണം ചെയ്ത കമ്പനിയെ കരിമ്പട്ടികയിൽപെടുത്തിയിരുന്നോ; ഈ കമ്പനി പേരുമാറ്റി വീണ്ടും സപ്ലൈകോയിൽ ഭക്ഷ്യധാന്യ വിതരണത്തിന് എത്തിയിട്ടുണ്ടോ;

(ജി) പ്രസ്തുത ക്രമക്കേടിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കുമ്പോൾ നല്കുന്ന നഷ്ടപരിഹാരം

*107 ശ്രീ. കെ. എം. ഷാജി
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ നല്കുന്ന നഷ്ടപരിഹാര-പുനരധിവാസ നിയമം കൂടുതൽ ഉദാരവത്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉദാര വ്യവസ്ഥകൾ നിലവിൽ വരും മുമ്പ് റോഡ് വികസനത്തിന് സ്ഥലം വിട്ടു നല്കിയ ചെറുകിടക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുച്ഛമായ നഷ്ടപരിഹാരം കോടതികൾ വർദ്ധിപ്പിച്ചു നൽകിയതിനെതിരെ, പൊതുമരാമത്ത് വകുപ്പ് സുപ്രീം കോടതിയിൽ അപ്പീൽ നല്കിയതിന്റെ ഫലമായി കിടപ്പാടം പോലും നഷ്ടപ്പെട്ടവർ നഷ്ടപരിഹാരത്തുക വക്കീൽ ഫീസായി ചെലവഴിക്കേണ്ടിവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കയര്‍ യന്ത്ര നിര്‍മ്മാണ ഫാക്ടറി നിര്‍മ്മിക്കുന്ന പദ്ധതി</u>

*108 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, എം.എ. വാഹീദ്
,, എ.റ്റി. ജോര്‍ജ്
,, പി.എ.മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കയര്‍ യന്ത്ര നിര്‍മ്മാണ ഫാക്ടറി നിര്‍മ്മിക്കുന്ന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് എന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സിയാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങള്‍ എന്തെല്ലാമെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ഉപഭോക്തൃ ബോധവത്കരണ പദ്ധതി</u>

*109 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വര്‍ക്കല കഹാര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉപഭോക്തൃ ബോധവത്കരണ പദ്ധതിയ്ക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഭൂരഹിതർ ഇല്ലാത്ത കേരളം 2015 പദ്ധതി</u>

*110 ശ്രീ. ജോസഫ് വാഴക്കൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർ ഇല്ലാത്ത കേരളം 2015 പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റോഡു ശൃംഖലയുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് പ്രത്യേക കർമ്മ പദ്ധതി</u>

*111 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത ശൃംഖലയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി</u>

*112 ശ്രീ. ബി. ഡി. ദേവസ്സി
,, ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു ഹൈക്കോടതിയുടെ വ്യത്യസ്തങ്ങളായ വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കോടതി വിധികൾ വരാനുണ്ടായ സാഹചര്യം പരിശോധിക്കുകയുണ്ടായോ; വിലയിരുത്തലുകൾ വെളിപ്പെടുത്തുമോ;

(സി) ഹാരിസൺ കമ്പനിയുമായി ബന്ധപ്പെട്ട കേസുകൾ ഹൈക്കോടതിയിൽ വാദിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചവന്നിട്ടുള്ള കാര്യം പരിശോധിക്കുവാൻ തയ്യാറാകുമോ;

(ഡി) പ്രസ്തുത കമ്പനി അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഭൂമി പിടിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

മലയാളം ഒന്നാം ഭാഷയാക്കുന്നതിന് സ്വീകരിച്ച നടപടി

*113 ശ്രീ. കെ. സുരേഷ് കുറുപ്പ്
'' പുരുഷൻ കടലുണ്ടി
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന സർക്കാർ ഉത്തരവ് സ്കൂളുകളിൽ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ; പഠന സമയം എങ്ങനെ ക്രമീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) എയ്ഡഡ് മേഖലയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മിക്കതിലും മലയാളം പഠിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അൺ എയ്ഡഡ് സ്കൂൾ ഉൾപ്പടെ മലയാളം പഠിപ്പിക്കാത്ത മുഴുവൻ വിദ്യാലയങ്ങളുടെയും പേരിൽ ശക്തമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ഇ) മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നതിന് സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>മോണോറെയിൽ പദ്ധതി</u>

*114 ശ്രീ. എ. പ്രദീപ്കുമാർ
,, എം. എ. ബേബി
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മോണോറെയിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ആദ്യം നൽകിയ ഭരണാനുമതി ഏത് മോണോറെയിലിനായിരുന്നു; അതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ഒടുവിൽ നൽകിയ ഭരണാനുമതി അനുസരിച്ചുള്ള നിർമ്മാണം എന്നു മുതൽ ആരംഭിക്കുമെന്നറിയിക്കുമോ;

(ബി) ഭരണാനുമതി നൽകപ്പെട്ട മോണോറെയിലുകളുടെ മൊത്തം നിർമ്മാണച്ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര വീതം; ഭരണാനുമതി നൽകുന്നതിന് മുമ്പ് പദ്ധതി ചെലവിനുള്ള പണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന ബജറ്റിൽ ഓരോ മോണോറെയിൽ പദ്ധതിയുടെയും ചെലവിലേക്ക് വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>കയർമേഖലയിലെ പ്രതിസന്ധി</u>

*115 ശ്രീ. എസ്. ശർമ്മ
ഡോ. ടി. എം തോമസ് ഐസക്
ശ്രീ. കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കയർ തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം എത്ര തൊഴിൽ ദിനങ്ങളാണ് ലഭിച്ചത്;

(സി) തൊഴിലില്ലായ്മമൂലം പട്ടിണിയിലായ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) നഷ്ടത്തിലായ കയർ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ഇ) സമരം നടത്തിയ കയർ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ഉണ്ടാക്കിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കുകയുണ്ടായോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിൽ പ്രതിസന്ധി</u>

*116 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ.എം. ഹംസ
ശ്രീ. പി. റ്റി. എ. റഹീം
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ബി) വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ അളവ് കുറവു ചെയ്യുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനകം കേന്ദ്രം എത്ര തവണ സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഭക്ഷ്യധാന്യം എത്ര അളവിലാണ് വെട്ടിക്കുറച്ചത്;

(ഡി) കമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ പ്രാഥമിക സൗകര്യം</u>

*117 ശ്രീ. കെ. അജിത്
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര സർക്കാർ സ്കൂളുകളിൽ മൂത്രപ്പുരകളുടെയും കക്കൂസുകളുടെയും കുറവുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്കൂളുകളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുന്നത് എന്തെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ബൈപാസ്സ് റോഡുകളുടെ നിർമ്മാണം</u>

*118 ശ്രീ. കെ. കെ. നാരായണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൈപാസ്സ് റോഡുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം ബൈപാസ്സുകളുടെ നിർമ്മാണമാണ് നടന്നു വരുന്നത്;

(സി) നിർമ്മാണത്തിലിരിക്കുന്ന ബൈപ്പാസ് റോഡുകളുടെ പണി എന്ന് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ഡി) മതിയായ ഫണ്ട് ലഭിക്കാത്തത് ഇത്തരം റോഡുകളുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഇ) ദേശീയപാതകളിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിന് ബൈപാസ്സ് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>നെല്ല് സംഭരണത്തിലെ പാളിച്ച</u>

*119 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ജി. സുധാകരൻ
,, കെ. വി. വിജയദാസ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ കഴിഞ്ഞ രണ്ടു വർഷമായി മുൻവർഷങ്ങളെ അപേക്ഷിച്ച് ഉണ്ടായ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ആധാരമായ കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) നെൽകർഷകർക്ക് പണം നൽകുന്നതിനുള്ള കാലതാമസവും കടുത്ത നിബന്ധനകളുമാണ് കർഷകർ സ്വകാര്യ മില്ലുകളെ ആശ്രയിക്കുന്നതിനുള്ള കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത് സ്വകാര്യ മില്ലുടമകൾക്ക് വൻ തോതിൽ നെല്ല് സംഭരിക്കുന്നതിന് സഹായകരമായിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സപ്ലൈകോയുടെ നെല്ല് സംഭരണത്തിലെ പാളിച്ച പൊതുമാർക്കറ്റിലെ വില വർദ്ധനവിന് ആക്കം കൂട്ടുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**ആധാരങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതി**

*120 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 4.

"T" ഇന്നത്തേയ്ക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].